LIBRARY ARCHIVES Kerala Legislative Assembly

കർഷക ക്ഷേമനിധി ബോർഡ്

104(1089) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019- ലെ 26-ാം നമ്പർ ആക്ട്) 11-ാം വകുപ്പ് ഒന്നാം ഉപ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായും കേരള സർക്കാർ 2020 ഒക്ടോബർ മാസം 13-ാം തീയതി അസാധാരണ ഗസറ്റ് നമ്പർ 708/2020 പ്രകാരം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ആഫീസുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. കേരള കർഷകക്ഷേമ നിധി പദ്ധതി അംഗീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ പ്രവർത്തനങ്ങളുടെ ആദ്യപടിയായി നിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയർ CDIT-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി വരുന്നു. സോഫ്റ്റ്വെയർ തയ്യാറാകുന്ന മുറയ്ക്ക് അംഗത്വ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൃഷി ഭൂമി

105(1090) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിലെ കുത്താളി കൃഷി ഭവന് കീഴിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇതിൽ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ?

40 ഹെക്ടർ ഭൂമിയുണ്ട്. ആയതിൽ 30 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ എന്തൊക്കെ കൃഷികളാണ് ഇവിടെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, ജാതി, കടച്ചക്ക, സപ്പോർട്ട, കശുമാവ്, പേര, റംബൂട്ടാൻ, മാങ്കോസ്റ്റിൻ, ബട്ടർഫ്രൂട്ട്, ബൃഷ് ഓറഞ്ച്, ഇറ്റാലിയൻ ലമൺ, ബാങ്കോക്ക് ചാമ്പ, വാഴ, ചാമ്പ, ചതുരപ്പുളി, കുടംപുളി, പപ്പായ, മറ്റ് ഫലവൃക്ഷങ്ങൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, ചേന, കപ്പ, പച്ചക്കറി കൃഷി, അലങ്കാര ചെടികൾ എന്നിവ കൃഷി ചെയ്യുവരുന്നു.

(സി) ഇവിടെ എത്ര ഉദ്യോഗസ്ഥരും എത്ര സ്ഥിരം തൊഴിലാളികളും എത്ര കരാർ തൊഴിലാളികളുമുണ്ടെന്ന് വിശദമാക്കുമോ?

ഉദ്യോഗസ്ഥർ - 13; സ്ഥിരം തൊഴിലാളികൾ - 66; കരാർ തൊഴിലാളികൾ - 61.

(ഡി) കൃഷി ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27-7-2020-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ?

27-7-2020-ൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസിലൂടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ചുവടെപ്പറയുന്ന മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

(1) കൃഷി വകുപ്പ് ഡയറക്ടർ

(2) ഡയറക്ടറേറ്റിലെ മറ്റ് ബന്ധപ്പെട്ട ഓഫീസർമാർ

(3) കോഴിക്കോട് പി.എ.ഒ.

(4) ഫാം അധികാരികൾ.

(ഇ) പ്രസ്തുത യോഗത്തിൽ എന്തൊക്കെ കാര്യങ്ങൾ തീരുമാനിച്ചുവെന്നും ആയതനുസരിച്ച് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

യോഗതീരുമാനങ്ങൾ

(1) കാഷ്വൽ തൊഴിലാളികൾക്ക് പ്രതിമാസം നിശ്ചിത ദിനങ്ങളിൽ തൊഴിൽ ലഭ്യമാക്കണമെന്ന നിലവിലുള്ള സർക്കുലർ പ്രകാരം കുത്താളി ഫാമിലും തൊഴിൽ ലഭ്യമാക്കേണ്ടതാണ്.

(2) ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും 15 ദിവസങ്ങൾക്കകം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ തലത്തിൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കേണ്ടതുമാണ്. കൃഷി ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ഫാംസ്) ടി ഫാം ഉടൻതന്നെ സന്ദർശിക്കുകയും ഈ വിഷയത്തിലെ നടപടി റിപ്പോർട്ട് 5-8-2020-ന് ചേരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(3) സംസ്ഥാനത്തെ എല്ലാ ഫാമുകളിലും നിലവിലുള്ള തരിശ് കണ്ടെത്തി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ഒരു മാസത്തിനകം നടപ്പിലാക്കേണ്ടതുമാണ്.

(4) ഫാമിലെ ക്ലർക്കിനെതിരെയുള്ള പരാതി പരിശോധിച്ച് നടപടി സ്വീകരിച്ച് 29-7-2020-ന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

27-7-2020-ൽ നടന്ന യോഗ തീരുമാനപ്രകാരം കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ (ഫാംസ്) 28-7-2020, 29-7-2020 തീയതികളിൽ ഫാം സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് യോഗം കൂടുകയും ഫാമിന്റെ വികസനത്തിനുവേണ്ടുന്ന വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തതിനോടൊപ്പം 05-8-2020-ന് നടത്തിയ തുടർ യോഗത്തിന്റെ തീരുമാന പ്രകാരം ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(1) 10-8-2021 മുതൽ ഫാമിലെ എല്ലാ കാഷ്വൽ തൊഴിലാളികൾക്കും പ്രതിമാസം കുറഞ്ഞത് 15 ദിവസം തൊഴിൽ നൽകാൻ തീരുമാനിച്ചിരുന്നു. അതുപ്രകാരം നടപടികൾ എടുത്തിട്ടുണ്ട്.

(2) ചിങ്ങേരി എക്സ്റ്റൻഷൻ സെന്ററിൽ സേവനമനുഷ്ഠിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സായിറാം ഹരിദാസിനെ കൂത്താളി ഫാമിന്റെ സൂപ്രണ്ടായി നിയമിക്കുന്നതിന് തീരുമാനിച്ചു. ആയത് നടപ്പിലാക്കിയിട്ടുണ്ട്.

(3) കൂത്താളി ഫാമിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്ന് ആക്ഷേപം ഉയർന്ന ക്ലാർക്ക് സ്ഥാനക്കയറ്റം ലഭിച്ച് മാറിപ്പോയിട്ടുണ്ട്.

(4) ഫാമിന്റെ പരിശീലന കേന്ദ്രത്തിൽ കേരള സംസ്ഥാന അഗ്രോ മെക്കനൈസേഷൻ മിഷൻ പരിശീലനങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട്.

(5) ഫാമിൽ തരിശായി കിടക്കുന്ന 10 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly